ഇ-മെയിൽ:- : director.ims@kerala.gov.in, ഫോൺ നം.:0471-2323960 വെബ്സൈറ്റ്:-www.ims.kerala.gov.in

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,

തിരുവനന്തപുരം - 14

---

No.A2-1275/2024/DIMS തീയ്യതി :12-07-2025

## ക്വട്ടേഷൻ നോട്ടീസ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനോടനുബന്ധിച്ചുള്ള സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ നിന്നും **തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം** എന്നീ ജില്ലകളിലെ ഇ.എസ്.ഐ ആശുപത്രികളിലും, ഡിസ്പെൻസറികളിലും മരുന്ന് വിതരണത്തിന് പ്രതിമാസ വാടക നിരക്കിൽ ഡെലിവറി വാൻ ലഭ്യമാക്കാൻ തയ്യാറുള്ള വാഹന ഉടമ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1) വാഹനം ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.വാഹനത്തിന്റെ പേരിൽ പിഴയോ കേസുകളോ ഉണ്ടാവാൻ പാടില്ല .

2) 2014 അല്ലെങ്കിൽ അതിനുശേഷം ഉള്ള മോഡലായിരിക്കണം.

3) പരമാവധി 3.5 ടൺ ലോഡ് കപ്പാസിറ്റി ഉള്ളതും കൂടാതെ വാഹനം മരുന്നു വിതരണത്തിനുതകും വിധം Body covered-ഉം വെള്ളം കയറാതെ അടച്ചുറപ്പുള്ളതുമായിരിക്കണം.

4) പ്രതിമാസം ഓടാവുന്ന പരമാവധി ദൂരം 2000കി.മീ . പരമാവധി 20 അടി വരെ നീളവും 8 അടി വരെ ഉയരമേ പാടുള്ളൂ.

5) മരുന്ന് വിതരണം ആവശ്യമുള്ള ദിവസങ്ങളിൽ വാഹനം ലഭ്യമാക്കേണ്ടതാണ്(സ്റ്റോർ സൂപ്രണ്ടിന്റെ ആവശ്യാനുസരണം).

6) പ്രതിമാസം 2000കി.മീ വരെ ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം.

7) ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ് എന്നിവയെല്ലാം ഉൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന പ്രതിമാസ വാടക .

8) വകുപ്പിന് സ്വന്തമായി സ്റ്റോർവാഹനം ലഭ്യമാകുന്നത് വരെ ആവശ്യാനുസരണം വാടകവാഹനം ലഭ്യമാക്കേണ്ടതാണ്( നിശ്ചിത കാലയളവ് നിർണ്ണയിച്ച് പറയുവാൻ സാധ്യമല്ല-ഒരു വർഷമോ അതിൽക്കൂടുതലോ ആകാം )

9 ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്(കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മുദ്രപത്രം വാടക ദാതാവ് തന്നെ നല്കണം).

10 ) വാഹനത്തിന്റെ ആർ.സി ബുക്ക്, പെർമിറ്റ്, ഇൻഷ്വറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

11) ക്വട്ടേഷനിൽ തിരഞ്ഞെടുക്കുന്ന വ്യക്തി/സ്ഥാപനം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി കരാർ ഒപ്പിടേണ്ടതാണ്.

12) **ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ "വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേലെഴുത്തോട് കൂടി 30/07/2025-ന് വൈകുന്നേരം 3 മണിക്ക് മുൻപായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള അവസാന ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്ന കൊട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നുന്നതല്ല. കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും ഈ വ്യവഹാരത്തിൽ ബാധകമായിരിക്കും .**

13) ക്വട്ടേഷനിൽ തിരഞ്ഞെടുക്കുന്ന വ്യക്തി/സ്ഥാപനം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായിനിശ്ചിത നിർദ്ദേശങ്ങൾക്ക് വിധേയമായി കരാർ ഒപ്പിടേണ്ടതാണ് (കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മുദ്രപത്രം വാടക ദാതാവ് തന്നെ നല്കണം).

14) ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**ക്വട്ടേഷൻ ഇതോടൊപ്പം ഉള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.**

Signed by
Cini Priya Darsini V A
Date: 12-07-2025 11:35:23

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ(I/C)**

<u>പകർപ്പ്</u>

1) ഐ ടി മാനേജർ വെബ് സൈറ്റിൽ പരസ്യം ചെയ്യുന്നതിന്

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കര്യാലയം നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യുന്നതിന്)

3) സൂപ്രണ്ട്, ESI ആശുപത്രി, പേരൂർക്കട ( നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യുന്നതിന് )

**<u>ക്വട്ടേഷൻ മാതൃക</u>**

| വാഹനത്തിന്റെ മോഡൽ, വർഷം | കരാർ നിരക്ക് /KM<br><br>പരമാവധി 2000 KM/മാസം | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ടാക്സി പെർമിറ്റ് നമ്പർ |
|---|---|---|
| | | |
| | | |

വാഹന ഉടമയുടെ പേര് :

ഫോൺ നമ്പർ :

മേൽവിലാസം:

സ്ഥലം :

തീയതി:

Signed by
Cini Priya Darsini V A
Date: 12-07-2025 11:33:30

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ(I/C)**